LIBRARY ARCHIVES Kerala Legislative Assembly

(എ) വാട്ടർ അതോറിറ്റിയിൽ ഇ-ടെണ്ടർ സംവിധാനം ഒരുക്കുന്നതിനായി നാഷണൽ ഇൻ ഫോർമാറ്റിക് സെന്ററിനെ ഒഴിവാക്കി കിയോണിക്സിനെ തെരഞ്ഞെടുക്കാനുള്ള കാരണം അറിയിക്കാമോ ;

(ബി) ഇതിനായി കിയോണിക്സിന് നൽകേണ്ട സർവ്വീസ് ചാർജ്ജും മറ്റ് വ്യവസ്ഥകളും എന്തൊക്കെയാണ് ;

(സി) കിയോണിക്സിനെ തെരഞ്ഞെടുത്തതിന്റെ പിന്നിൽ അഴിമതിയുണ്ട് എന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇ-ടെൻഡർ കിയോണിക്സിനെ ഏല്പിച്ചു കൊടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയിൽ 2008 മുതൽ കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്) എന്ന കമ്പനി മുഖേന ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയിരുന്നു. ഈ സമയത്ത് എൻ.ഐ.സി.-യുടെ സോഫ്റ്റ്വെയർ ലഭ്യമല്ലായിരുന്നു. 2012 മുതൽ മൂന്ന് വർഷത്തേക്ക് കിയോണിക്സിന് കരാർ പുതുക്കി നൽകിയിരുന്നു. ഈ കാലയളവിലാണ് എൻ.ഐ.സി.-യുടെ സോഫ്റ്റ് വെയർ വിപണിയിൽ കിയോണിക്സുമായി നിലവിൽ കരാർ ഉള്ളതിനാൽ എൻ.ഐ.സി.-യുടെ പ്രവർത്തനം സുഗമമായ സേവനവും പരിശോധിച്ചതിനു ശേഷം കിയോണിക്സിന്റെ കരാർ തീരുന്ന മുറയ്ക്ക് എൻ.ഐ.സി.-യിലേയ്ക്ക് മാറുന്നതിനുവേണ്ടി യുക്തമായ തീരുമാനമെടുക്കുന്നതാണ്.

(ബി) കിയോണിക്സുമായി ബന്ധപ്പെട്ട സർവ്വീസ് ചാർജ്ജും മറ്റ് വ്യവസ്ഥകളും അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

കട്ടനാട് നിയോജക മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ നിർമ്മാണ പ്രവൃത്തികൾ

171 (2726) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം ഏതെല്ലാം മേജർ/മൈനർ ഇറിഗേഷൻ നിർമ്മാണ പ്രവൃത്തികൾക്ക് ആരുടെ ശുപാർശ പ്രകാരമാണ് സാമ്പത്തിക അനുമതി നൽകിയതെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കുട്ടനാട്ടിൽ അനുവദിച്ച മേജർ/മൈനർ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം താഴെ കൊടുക്കുന്ന മേജർ ഇറിഗേഷൻ നിർമ്മാണ പ്രവൃത്തിക്കാണ് സാമ്പത്തിക അനുമതി നൽകിയിട്ടുള്ളത്.

പ്രവൃത്തിയുടെ പേര്	തുക (ലക്ഷത്തിൽ)
കുട്ടനാട്മണ്ഡലത്തിലെ കൈനകരി പഞ്ചായത്തിലെ പാഴൂർ ക്ഷേത്രത്തിന്റെ മുൻഭാഗത്തുള്ള കലുങ്ക് മുതൽ കിഴക്കോട്ട് ; പാഴൂർ തോടിന്റെ വടക്ക് ഭാഗത്തിന്റെ സംരക്ഷണം	15.00

സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ശിപാർശ പ്രകാരമാണ് ഈ പ്രവൃത്തിക്ക് സാമ്പത്തിക അനുമതി നൽകിയത്. മൈനർ ഇറിഗേഷൻ മുഖാന്തിരം ഒരു പ്രവൃത്തിക്കും സാമ്പത്തിക അനുമതി നൽകിയിട്ടില്ല.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കുട്ടനാട്ടിൽ അനുവദിച്ച മേജർ/മൈനർ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഭാരതപ്പുഴ-ബിയ്യം കായൽ സംയോജന പദ്ധതി

172 (2727) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചമ്രവട്ടം റഗുലേറ്റർ പദ്ധതിയിൽ നിന്നും തൃശ്ശൂർ പൊന്നാനി കോൾ മേഖലയായ ബിയ്യം കായലിലേക്ക് വേനൽകാലത്ത് ജലം എത്തിക്കുന്നതിനുള്ള ഭാരതപ്പുഴ-ബിയ്യം കായൽ സംയോജന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly